പതിമൂന്നാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1161 — 21.03.2013-ലെ മറുപടിക്ക്

## ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുത്ത മിച്ചഭൂമിയുടെ പരിപാലനം

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്ത മിച്ച ഭൂമിയുടെ പരിപാലനത്തിനായി നടപ്പുസാമ്പത്തിക വർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) | 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയി രുത്തിയിരുന്നില്ല ആയതിനാൽ ടി ആവശ്യത്തിന് തുകയൊന്നും വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | പ്രസ്തുത മിച്ചഭൂമി വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) | മിച്ചഭൂമി വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | പ്രസ്തുത ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള മാനദ ണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടു ണ്ടോ; വിശദാംശം നൽകുമോ? | (സി) | കേരള ഭൂപരിഷ്കരണ നിയമം 1963 സെക്ഷൻ 86, 87 എന്നിവ പ്രകാരം സർക്കാരിൽ നിക്ഷിപ്തമാകുന്നതും, ഏറ്റെടുത്തതുമായ മിച്ചഭൂമി ടി നിയമത്തിലെ സെക്ഷൻ 96(1)(i) വകുപ്പും അനുബന്ധചട്ടങ്ങളും പ്രകാരം മിച്ചഭൂമിയിൽ കുടികിടപ്പുകാർ ഉണ്ടെങ്കിൽ അർഹതയുടെ അടിസ്ഥാനത്തിൽ അവർക്ക് മിച്ചഭൂമി പതിച്ചു നൽകുന്നതിന് നിർദ്ദേശിക്കുന്നു. ടി നിയമത്തിലെ 96(1)(ii) വകുപ്പ് പ്രകാരം പതിച്ചു കൊടുക്കുവാൻ അവശേഷിക്കുന്ന മിച്ചഭൂമിയുടെ 87 1/2 % ഭൂരഹിതരായ കർഷക തൊഴിലാളികൾക്ക് പതിച്ചു കൊടുക്കുന്നതിന് നിഷ്കർഷിക്കുന്നു. ഇതിൽ 50 % ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് സാമ്പ ത്തികമായും, സാമൂഹികമായും പിന്നോക്കം നിൽക്കുന്നവരുമായ ഭൂരഹിതർക്ക് പതിച്ചു കൊടുക്കു ന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ശേഷിക്കുന്ന 12 ½ % ചെറുകിട കൈവശക്കാർക്കും യാതൊരു ഭൂമിയും വീണ്ടെടുക്കാൻ കഴിയാത്ത മറ്റു ഭൂഉടമകൾക്കും പതിച്ചു കൊടുക്കുവാൻ വ്യവസ്ഥ ചെയ്യുന്നു. ഇപ്രകാരം പതിച്ചു കൊടുക്കുന്ന ഭൂമി ഒരേക്കറിൽ കവിയരുതെന്നും വ്യവസ്ഥയുണ്ട്.<br><br>ഭൂമി വിതരണം ചെയ്യുന്നതിനെപ്പറ്റി ഇപ്രകാരം വ്യവസ്ഥകൾ ഉണ്ടെങ്കിലും, ഏതെങ്കിലും പൊതു ആവശ്യത്തിന് ഭൂമി നീക്കി വയ്ക്കേണ്ട സന്ദർഭങ്ങളിൽ ഭൂമി പൊതുആവശ്യത്തിന് നീക്കിവച്ച് സ്റ്റേറ്റ് ലാന്റ് ബോർഡിന് ഉത്തരവാക്കാവുന്നതാണ്. ഇപ്രകാരം പൊതു ആവശ്യത്തിന് നീക്കിവയ്ക്കുന്ന ഭൂമി ഭൂരഹിതർക്ക് പതിച്ചു കൊടുക്കുന്നതിൽ നിന്നും വിമുക്തമാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ